## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1255 30.01.2018 ൽ മറുപടിയ്ക്ക്**

## സംസ്ഥാന സ്കൂൾ കലോത്സവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ശശി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സ്കൂൾ കലോത്സവവും വേദികളും സ്കൂൾതലം മുതൽ സംസ്ഥാന തലം വരെ ശുദ്ധീകരിക്കാനും സംശുദ്ധമാക്കാനുമായി ഈ സർക്കാർ എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചു ; അതിനായുള്ള തുടർനടപടികളും വ്യക്തമാക്കുമോ; | (എ) | പരിഷ്കരിച്ച മാന്വൽ പ്രകാരം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ ഒഴിവാക്കി സാംസ്കാരിക സ്കോളർഷിപ്പ് ഏർപ്പെടുത്തി. വിധി കർത്താക്കളുടെ വിവരങ്ങൾ അതീവ രഹസ്യമാക്കി വയ്ക്കുകയും പരാതി രഹിതമായി മത്സരങ്ങൾ നടത്തുകയും ചെയ്തു. രണ്ട് വർഷത്തിലധികം ഒരേ ഇനത്തിൽ വിധികർത്താക്കളായവരെ ഒഴിവാക്കി. തിരിച്ചറിയൽ ഫോട്ടോ ഐഡന്റിറ്റികാർഡുകൾ നല്കി. ഇത്തരത്തിലുള്ള നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്. സബ് ജില്ലയിൽ ഇരുന്നവരെ ജില്ലയിലും ഈ രണ്ട് തലങ്ങളിലും ഇരുന്നവരെ പൂർണ്ണമായും സംസ്ഥാനതലത്തിലും ഒഴിവാക്കി. കലോത്സവം പ്രശ്നരഹിതമായി നടത്തുന്നതിന് വിജിലൻസ് കവറേജ് ഏർപ്പെടുത്തി. ഇത്തരം നടപടികൾ സ്വീകരിച്ചതിലൂടെ കലോത്സവം ഏറെക്കുറെ ശുദ്ധീകരിക്കാനും സംശുദ്ധമാക്കാനും സാധിച്ചിട്ടുണ്ട്. |
| (ബി) | കലോത്സവങ്ങളിലെ അപ്പീൽ അവകാശം ദുരുപയോഗപ്പെടുത്തുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. ബാലാവകാശ സംരക്ഷണ കമ്മീഷന്റെ പേരിൽ വ്യാജ അപ്പീലുകൾ കണ്ടെത്തുകയും തുടർ നടപടിക്കായി ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തുകയും ചെയ്തു. |

| | | | |
|---|---|---|---|
| (സി) | കലോത്സവങ്ങളിൽ ഏതെല്ലാം മേഖലകളിലാണ് അപ്പീൽ പ്രവാഹമുണ്ടാകുന്നതെന്നും അഴിമതി നടക്കുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | നൃത്തയിനങ്ങളിലും മാപ്പിളകലകളിലുമാണ് ഏറ്റവും കൂടുതൽ അപ്പീലുകൾ ലഭിച്ചിട്ടുള്ളത്. വിധി നിർണ്ണയത്തിൽ യാതൊരു വിധത്തിലുള്ള അഴിമതിയും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | 2017 - 18 ലെ കലോത്സവത്തിൽ ബാലാവകാശ കമ്മീഷന്റെ പേരിൽ എത്ര അപ്പീലുകൾ ലഭിച്ചു; ഇതിൽ വ്യാജ അപ്പീലുകൾ എത്ര; ഇതിൽ കമ്മീഷൻ ഉദ്യോഗസ്ഥർക്ക പങ്കുണ്ടോ; കുറ്റക്കാർ എന്ന് കണ്ടെത്തിയവർ ആരെല്ലാം; എന്നിവ വ്യക്തമാക്കുമോ; | (ഡി) | ബാലാവകാശ കമ്മീഷന്റെ പേരിൽ 22 അപ്പീലുകൾ ലഭിച്ചു. അതിൽ 10 എണ്ണം വ്യാജമാണ്. ക്രൈംബ്രാഞ്ച് അന്വേഷണം നടന്നു വരുന്നു. |
| (ഇ) | ഇവ തടയുവാനായി ഈ സർക്കാർ സ്വീകരിക്കുവാൻ പോകുന്ന തുടർനടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ? | (ഇ) | അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ